# പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.240 12.03.2020-ൽ മറുപടിയ്ക്ക്.

**വന്യജീവികളുടെ ആക്രമണം തടയുന്നതിന് നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഐ.ബി. സതീഷ്<br>,, ആന്റണി ജോൺ<br>,, സി. കെ. ശശീന്ദ്രൻ<br>,, രാജു എബ്രഹാം : | | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | വനസംരക്ഷണവും വന്യ മൃഗസംരക്ഷണവും ഫലവത്താക്കുന്നതിന് വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തി അവ കൃഷിയിടങ്ങളിലേക്ക് ഇറങ്ങുന്നത് തടയേണ്ടതിന്റെ അനിവാര്യത കണക്കിലെടുത്ത് നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | ജനവാസ മേഖലകളിൽ വന്യമൃഗങ്ങളിറങ്ങി ജീവനും സ്വത്തിനും ഭീഷണിയാകുന്നത് ഫലപ്രദമായി തടയുന്നതിന് നിലവിൽ സൗരോർജ്ജ കമ്പിവേലികൾ, ആന കിടങ്ങുകൾ, മതിലുകൾ തുടങ്ങിയവ നിർമ്മിച്ച് മൃഗങ്ങൾ നാട്ടിലിറങ്ങുന്നത് തടയുന്നു. വനത്തിനുള്ളിൽ ഗള്ളി പ്ലഗ്ഗിംങ് നടത്തിയും കുളങ്ങൾ, ചെക്ക് ഡാമുകൾ എന്നി നവീകരിച്ചും നിർമ്മിച്ചും, ചതുപ്പുകൾ വൃത്തിയാക്കിയും, ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തിയും, ജലത്തിന്റെയും ഭക്ഷണത്തിന്റെയും ലഭ്യത ഉറപ്പു വരുത്തുകയും ചെയ്തു വരുന്നു. കൂടാതെ ജനവാസ മേഖലകളിൽ വന്യമൃഗങ്ങളിറങ്ങി ജീവനും സ്വത്തിനും ഭീഷണിയാകുന്നത് തടയുവാൻ തദ്ദേശീയരും ജനപ്രതിനിധികളും വനം വകുപ്പ് ഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതി പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച് ബോധവത്ക്കരണം നടത്തിവരുന്നു.. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം തദ്ദേശീയരെ അറിയിക്കുന്നതിന് എസ്.എം.എസ് അലർട്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജനകീയ |

| | | | |
|---|---|---|---|
| | | | കമ്മിറ്റികളുടെയും ആർ.ആർ.റ്റി.കളുടെയും സേവനം മേൽ പ്രദേശങ്ങളിൽ ഉപയോഗപ്പെടുത്തുകയും ചെയ്തുവരുന്നു.<br>വനാതിർത്തിയിൽ വന്യമൃഗങ്ങൾ മനുഷ്യ വാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിലേയ്ക്കായി, സംസ്ഥാനത്ത് 2018-19 വരെ 2413.7 കി.മീ. നീളത്തിൽ സൗരോർജ്ജവേലി, 631 കി.മീ. നീളത്തിൽ ആന പ്രതിരോധ കിടങ്ങുകൾ, 178.133 കി.മീ ആന പ്രതിരോധ മതിൽ, 6 കി.മീ. കല്ലുകെട്ടിയ കിടങ്ങുകൾ (stone pitched trenches), 26 കി.മീ ജൈവ വേലി, 248 കി.മീ. കയ്യാല, 1.2 കി.മീ. ക്രാഷ് ഗാർഡ് റോപ്പ് ഫെൻസ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. |
| (ബി) | കാർഷിക വിളകൾക്ക് നിരന്തരം ശല്യമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉന്മൂലനം ചെയ്യുന്നതിന് നിലവിലുള്ള അപ്രായോഗിക നിബന്ധനകൾ മാറ്റാൻ തീരുമാനമായിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | കാർഷിക വിളകൾക്ക് നിരന്തരം ശല്യമുണ്ടാക്കുന്ന കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യുന്നതിന് സ.ഉ.(കൈ) നം. 7/2019/വനം തീയതി 16/02/2019 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിൽ ചേർത്തിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ലഘൂകരിക്കുന്നതിനും ചില ഭേദഗതി വരുത്തുന്നതിനുമുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) | കാട്ടാനകൾ നാട്ടിലേക്കിറങ്ങി മനുഷ്യരുടെ ജീവന് ഭീഷണിയുയർത്തുന്നത് അവസാനിപ്പിക്കാൻ നിലവിലുള്ള സംവിധാനത്തിന്റെ അപര്യാപ്തത കണക്കിലെടുത്ത് ഫലപ്രദമായ മാർഗ്ഗം അവലംബിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ? | (സി) | കാട്ടാനകൾ നാട്ടിലേക്കിറങ്ങി മനുഷ്യരുടെ ജീവന് ഭീഷണിയുയർത്തുന്നത് അവസാനിപ്പിക്കാൻ നിരവധി പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ജനകീയ കമ്മിറ്റികളുടെയും ആർ.ആർ.റ്റി.കളുടെയും സേവനം സ്വീകരിച്ച് വരുന്നു. കാട്ടാനകൾ നാട്ടിലേയ്ക്കിറങ്ങുമ്പോൾ മുന്നറിയിപ്പ് നൽകുന്നതിനായി എസ്.എം.എസ് അലർട്ട് സംവിധാനവും, ആന വാച്ചർമാരുടെ സേവനവും നടപ്പിലാക്കിയിട്ടുണ്ട്.<br>ജനവാസ മേഖലകളിൽ ഇറങ്ങുന്ന |

| | | | |
|---|---|---|---|
| | | | വന്യമൃഗങ്ങളെ തിരികെ കാട്ടിലേയ്ക്ക് കയറ്റി വിടുന്നതിനും മറ്റ് അടിയന്തിര സേവനം ലഭ്യമാക്കുന്നതിനുമായി സ്പെഷ്യൽ ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സിനെയും വനം വകുപ്പ് ജീവനക്കാരെയും താല്ക്കാലിക വാച്ചർമാരെയും ഉൾപ്പെടുത്തി എലിഫന്റ് ആന്റി ഡിപ്രഡേഷൻ സ്ക്വാഡുകളെയും സജ്ജമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ